പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1470

16.03.2015-ലെ മറുപടിക്ക്

## പാലുല്പാദനത്തിൽ കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി: | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ പ്രതിദിനം ശരാശരി എത്ര ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നുണ്ട്; | (എ) | പ്രതിദിനം ശരാശരി 80 ലക്ഷം ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) & | കടുത്ത വേനൽമൂലം പാലുല്പാദനത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്ര ലിറ്റർ ശരാശരി കുറവുണ്ടായിട്ടുണ്ട്; | (ബി) & (സി) | ഉല്പാദനത്തിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മിൽമ സംഭരിക്കുന്ന പാലിന്റെ അളവിൽ ചെറിയ കുറവ് വന്നിട്ടുണ്ട്. ഇത് പരിഹരിക്കാൻ അയൽസംസ്ഥാനങ്ങളിൽ നിന്നും ഗുണ-നിലവാര പരിശോധനയ്ക്ക് വിധേയമായി പാൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വേനൽക്കാലത്ത് പാലിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ എന്ത് നടപടികളാണ് ക്ഷീരവികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | | |
| (ഡി) | ക്ഷീരകർഷകർക്ക് പ്രത്യേക ഇൻസെന്റീവ് നൽകി പ്രോത്സാഹിപ്പിക്കാനും, അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡിയായി സംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 1/- രൂപ എന്ന നിരക്കിൽ ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ പാലുല്പാദനത്തിൽ വർദ്ധനവ് ലക്ഷ്യമിട്ട് തീറ്റപ്പുൽകൃഷി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.<br>പാലുല്പാദനത്തിൽ വർദ്ധനവ് ലക്ഷ്യമിട്ട് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുവാൻ മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ 4 കോടി രൂപ ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ 2015 ഫെബ്രുവരി 11 മുതൽ ക്ഷീരസംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് 2/- രൂപ വീതം പ്രത്യേക ഇൻസെന്റീവ് നൽകുന്നുണ്ട്. ഇതിനു പുറമെ ഫെഡറേഷൻ 2014-2015 സാമ്പത്തികവർഷത്തിൽ ഏകദേശം 10 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ